# 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6776** **21-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര ക്ഷേമത്തിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര ക്ഷേമത്തിനായി തൊഴിൽ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ, നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന '2020-21 സാമ്പത്തിക വർഷം മുതൽ സമന്വയ' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അതിവേഗം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലയ്ക്കനുസൃതമായി മികച്ച പരിശീലനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകി പൊതു സ്വകാര്യമേഖലകളിലെ വിവിധ തൊഴിലുകൾക്ക് മേൽ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കി വരുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തി, തൊഴിൽ മാർഗ്ഗനിർദ്ദേശം, സ്വയംതൊഴിൽ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം, തൊഴിൽ സംബന്ധമായ അറിവ് നൽകൽ തുടങ്ങിയവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയുള്ള കോച്ചിങ് കം ഗൈഡൻസ് സെന്ററുകളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളോടെ ആധുനികവൽക്കരിച്ച സ്മാർട് ക്ലാസ്സ് / കമ്പ്യൂട്ടർ ലാബ് / കരിയർ ലൈബ്രറി എന്നിവ സ്ഥാപിച്ച് ഈ വിഭാഗത്തിലെ തൊഴിൽരഹിതരായ പ്രൊഫഷണൽ /സാങ്കേതിക യോഗ്യത നേടിയവർ ഉൾപ്പെടെയുള്ള വിദ്യാസമ്പന്ന രായ ഉദ്യോഗാർത്ഥികൾക്ക് സമഗ്ര പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മറ്റൊരു സുപ്രധാന ലക്ഷ്യം. മത്സര പരീക്ഷയ്ക്കുള്ള പരിശീലനം, അഭിമുഖം, സംഘ ചർച്ച എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, |

| | | | |
|---|---|---|---|
| | | | മത്സര പരീക്ഷകൾക്കായും മറ്റും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കരിയർ മാർഗ്ഗ നിർദ്ദേശം, സ്വയം തൊഴിൽ ചെയ്യാനുള്ള നൈപുണ്യ വികസന പിന്തുണ, സംരംഭകത്വ വികസനം, നൈപുണ്യ പരിശീലനം തുടങ്ങി വിവിധങ്ങളായ പരിപാടികൾ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. സമന്വയ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സമന്വയ പദ്ധതിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ

| ക്രമ നമ്പർ | സംഘടിപ്പിച്ച പരിപാടി | സംഘടിപ്പിച്ച പരിപാടിയുടെ എണ്ണം | പങ്കെടുത്തവരുടെ എണ്ണം | ജോലി ലഭിച്ചവർ/ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|
| 1 | മത്സര പരീക്ഷ പരിശീലനം | 17 | 499 | 37 |
| 2 | ക്യാമ്പ് രജിസ്ട്രേഷൻ & കരിയർ ബോധവത്കരണ പരിപാടി | 137 | 5671 | |
| 3 | കരിയർ സെമിനാർ | 3 | 222 | |

Kavitha T

**സെക്ഷൻ ഓഫീസർ**